**കൈത്താക്കാലം  ഏഴാം ഞായർ - 2016 ആഗസ്റ്റ് 14**

(ലൂക്കാ. 18: 1-8)

**വചനസന്ദേശം: റവ.ഫാ. ലെനിൽ മൂഞ്ഞേലി**

ലൂക്കാ സുവിശേഷത്തിലെ മനോഹരമായ ഒരു പ്രമേയമാണു പ്രാർത്ഥന. അതുകൊണ്ടുതന്നെ ലൂക്കാ സുവിശേഷവിവരണം ദേവാലയത്തിൽ പ്രാർത്ഥനയിൽ ആരംഭിച്ച് (1, 8) ദേവാലയത്തിൽ പ്രാർത്ഥനയിൽ അവസാനിപ്പിക്കുന്നു (24, 53). യേശുശൈലിയുടെ തുടർച്ചയെന്നോണം ശിഷ്യരും ദേവാലയത്തിൽ പ്രാർത്ഥിക്കുകയും ആരാധിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു എന്നതു നടപടിപുസ്തകങ്ങളിൽ നാം വായിച്ചറിയുന്നുണ്ട് (അപ്പ 2, 4-6; 3, 1-10; 5, 20, 25, 42; 21, 23-30). ലൂക്കാ സുവിശേഷത്തിലാണു പ്രാർത്ഥിക്കുന്ന യേശുവിനെക്കുറിച്ചുള്ള കൂടുതൽ സൂചനകൾ രേഖപ്പെടുത്തിയിരിക്കുന്നത്. പിതാവായ ദൈവവുമായുള്ള ബന്ധം യേശു ഊഷ്മളമാക്കിയത് പ്രാർത്ഥനയുടെ നിമിഷങ്ങളിലാണ്. ദൈവത്തെ 'പിതാവേ' എന്ന് അഭിസംബോധന ചെയ്തുകൊണ്ടാണു യേശു അതു വ്യക്തമാക്കുന്നത് (ലൂക്കാ 10, 21; 11, 2; 22, 42; 23, 34-46). പരസ്യജീവിതത്തിന്റെ പ്രധാന സംഭവങ്ങൾക്കു മുമ്പെല്ലാംതന്നെ ഈശോ പ്രാർത്ഥനവഴി ശക്തി പ്രാപിക്കുന്നുണ്ട് (ലൂക്കാ 3, 21; 6, 12; 9, 28; 23, 46). യേശുവിലെ ഈ പ്രാർത്ഥനാനുഭവമാണ് അവന്റെ ശിഷ്യർക്കും പ്രാർത്ഥിക്കാൻ പ്രചോദനമാകുന്നതും അതുവഴി പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേയെന്നു ശിഷ്യർ യേശുവിനോടാവശ്യപ്പെടുന്നതും (ലൂക്കാ 11:1-4).

പ്രാർത്ഥനയിൽ നമുക്കുണ്ടാകേണ്ട മനോഭാവത്തെ സൂചിപ്പിക്കാൻ ഈശോ മൂന്ന് ഉപമകളാണു പറയുന്നത്. അർദ്ധരാത്രി അപ്പം വായ്പ വാങ്ങാൻ നിർബന്ധിക്കുന്ന സ്നേഹിതനിലൂടെ (ലൂക്കാ 11:5-13). ക്ഷമയോടെ നമ്മുടെ അപേക്ഷകൾ ഉയർത്തുന്നതിൽ നാം സ്ഥിരതയുള്ളവരാകണമെന്നും ന്യായാധിപന്റെയും വിധവയുടെയും ഉപമയിലൂടെ (ലൂക്കാ 18, 1-8) നമ്മുടെ പ്രാർത്ഥനകൾക്ക് ഉടനടി ഉത്തരം ലഭിച്ചില്ലെങ്കിൽത്തന്നെയും നിരാശപ്പെടാതെ നിരന്തരം പ്രാർത്ഥിക്കണമെന്നും ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമയിലൂടെ (ലൂക്കാ 18, 9-16) നമ്മളായിരിക്കുന്ന അവസ്ഥ അംഗീകരിച്ച് എളിമയോടെ ദൈവതിരുമുമ്പിൽ വ്യാപരിക്കണമെന്നും ഓർമിപ്പിക്കുന്നു. ഇന്നത്തെ ഉപമയിലെ നീതിരഹിതനായ ന്യായാധിപൻ ഒരു വിധത്തിലും ദൈവത്തെ പ്രതിനിധീകരിക്കുന്നില്ല. അയാളെ വിപരീതരീതിയിൽ അവതരിപ്പിച്ചുകൊണ്ടു ദൈവത്തിന്റെ നീതിയെയും സ്നേഹത്തെയും തീവ്രതയോടെ പ്രതിപാദിക്കുകയാണ് ഇവിടെ. ഉപമയിലെ വിധവ, തിരഞ്ഞെടുക്കപ്പെട്ടവരെ പ്രതീകവത്കരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവർ എന്ന നിലയിൽ യേശുശിഷ്യരായ നാമെല്ലാം നീതിമാനും കരുണയുടെ പിതാവുമായ ദൈവത്തെ പ്രത്യാശാപൂർവം നിരന്തരം വിളിച്ചപേക്ഷിക്കണമെന്ന് ഈശോ ഓർമപ്പെടുത്തുന്നു.

**ഒരു കൊച്ചു പെൺകുട്ടിയുടെ നിഷ്കളങ്കമായ പ്രാർത്ഥന**: ആഫ്രിക്കയിൽ മിഷൻ പ്രവർത്തനം നടത്തിയ ഒരു യൂറോപ്യൻ മിഷനറി സിസ്റ്ററുടെ അനുഭവത്തിൽ നിന്ന്:

സിസ്റ്റർ ഏറെ വർഷങ്ങളായി ആഫ്രിക്കയിലെ ദരിദ്രരായ ജനങ്ങളുടെ ഇടയിലാണു സേവനം ചെയ്തിരുന്നത്. അവരുടെ സഭ ഒരു ആശുപത്രി നടത്തിയിരുന്നു. ഒരു രാത്രിയിൽ ഒരു വിധവ ഒരു കുഞ്ഞിനു ജന്മം നല്കി. ആ അമ്മ മരിച്ചു. മാസം തികയാതെ ജനിച്ച കുഞ്ഞിനെയും രണ്ടു വയസ്സുള്ള മറ്റൊരു കുട്ടിയെയും സംരക്ഷിക്കേണ്ടതു സിസ്റ്ററുടെ ഉത്തരവാദിത്വമായി. ആശുപത്രിയിൽ വേണ്ട സൗകര്യങ്ങളോ വൈദ്യുതിയോ ഇൻക്യുബേറ്ററോ ഇല്ലാതിരുന്ന സമയമായിരുന്നു അത്. കുഞ്ഞുങ്ങൾക്കു ചൂടു പകരാനുള്ള വാട്ടർബാഗ് അവിടെ ഇല്ലായിരുന്നു. അന്നു വൈകുന്നേരം മഠത്തിലെത്തി, അവിടെ മഠം വഴി നടത്തിയിരുന്ന അനാഥമന്ദിരത്തിലെ കുട്ടികളോട് ഈ രണ്ടു കുഞ്ഞുങ്ങൾക്കുവേണ്ടി ഈശോയോടു പ്രാർത്ഥിക്കണമെന്നു സിസ്റ്റർ പറഞ്ഞു. പ്രാർത്ഥനാസമയത്ത് അതിൽ 8 വയസ്സുള്ള റൂത്ത് എന്ന പെൺകുട്ടി ഇപ്രകാരം പ്രാർത്ഥിച്ചു: ദൈവമേ, അങ്ങു ദയവായി ഞങ്ങൾക്കൊരു വാട്ടർബാഗ് അയച്ചുതരണം. ബുദ്ധിമുട്ടില്ലെങ്കിൽ ഒപ്പം രണ്ടു വയസ്സുള്ള ചേച്ചിക്കു കൊടുക്കാൻ ഒരു നല്ല പാവയും കൂടെവയ്ക്കണം. നാളെത്തന്നെ വേണം; വൈകിയാൽ പ്രയോജനമില്ലാതെയാകും. മറ്റു കുട്ടികളെല്ലാം ഏറ്റുപറഞ്ഞു; ആമ്മേൻ.

എന്നാൽ കുട്ടികൾ പറഞ്ഞ വിശ്വാസത്തിൽ ആമ്മേൻ എന്നു പറയാൻ സിസ്റ്ററിനായില്ല. അവർക്കതു കിട്ടില്ലെന്ന് ഉറപ്പായിരുന്നു. ദൈവത്തിന് എല്ലാം സാദ്ധ്യമാണെങ്കിലും പിറ്റേദിവസം ആരെങ്കിലും ഒരു വാട്ടർബാഗ് തരുമെന്നു സിസ്റ്റർ വിശ്വസിച്ചില്ല. അവർ ആഫ്രിക്കയിൽ വന്നിട്ട് ഇതുവരെ അവരുടെ നാട്ടിൽ നിന്ന് ആരും ഒന്നും അയച്ചുതന്നിട്ടില്ല. പിറ്റേദിവസം ആശുപത്രിയിൽ ജോലി ചെയ്യവേ ഒരാൾ വന്നു പറഞ്ഞു, കോൺവെന്റിൽ ഒരു കാർ വന്നുനില്ക്കുന്നുവെന്ന് സിസ്റ്റർ കോൺവെന്റിൽ എത്തിയപ്പോഴേക്കും അതു പൊയ്ക്കഴിഞ്ഞിരുന്നു. എന്നാൽ വരാന്തയിൽ വലിയൊരു പാഴ്സൽ കണ്ടു. അവർക്കത് ഒറ്റയ്ക്ക് അഴിച്ചെടുക്കാൻ കഴിയുമായിരുന്നില്ല. സിസ്റ്റർ ഓർഫനേജിലെ കുട്ടികളെ വരുത്തി എല്ലാവരുമായി അതു തുറന്നു. യൂറോപ്പിലെ സിസ്റ്ററിന്റെ ഇടവകയിലെ മതാദ്ധ്യാപകരും കുട്ടികളും ശേഖരിച്ച് അയച്ചുതന്ന കുറേ സാധനങ്ങൾ. അവർ സാധനങ്ങൾ ഓരോന്നായി പുറത്തെടുത്തു. വസ്ത്രങ്ങൾ, കമ്പിളിപ്പുതപ്പ്, കുഷ്ഠരോഗികൾക്കുള്ള മരുന്ന്, ബിസ്കറ്റുകൾ, കൂടാതെ ഒരു പ്ലാസ്റ്റിക് കൂട്. അതു തുറന്നപ്പോൾ – ഒരു പുതിയ വാട്ടർബാഗ്, സിസ്റ്റർ ദൈവത്തോട് അയച്ചുതരാൻ പറയാതിരുന്നതും ദൈവം അയച്ചുതരുമെന്നു വിശ്വസിക്കാതിരുന്നതുമായ വാട്ടർബാഗ്. കുട്ടികളോടൊപ്പം റൂത്ത് മുമ്പിൽത്തന്നെയുണ്ടായിരുന്നു. അവൾ ഉച്ചത്തിൽ പറഞ്ഞു: ദൈവം വാട്ടർബാഗ് അയച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും പാവയും അയച്ചിട്ടുണ്ടാകും. അവൾ പെട്ടിയിലേക്ക് എത്തിവലിഞ്ഞു മിച്ചമുള്ള സാധനങ്ങൾ പരതിനോക്കി. അതിൽനിന്നും വർണപ്പാവാടയുള്ള ഒരു പാവയെ പൊക്കിയെടുത്തു. അവളുടെ കണ്ണുകൾ തിളങ്ങി. അവൾ ദൈവത്തിനു നന്ദി പറഞ്ഞു. യൂറോപ്പിൽനിന്നു കടൽമാർഗം പാഴ്സൽ അയച്ചത് അഞ്ചു മാസങ്ങൾക്കു മുമ്പാണ്. അന്ന് അവർക്ക് ഒരു ഹോട്ട് വാട്ടർബാഗും ഒപ്പം വയ്ക്കാൻ ദൈവം തോന്നിച്ചു. ക്ലാസ്സിലെ ഏതോ ഒരു കുട്ടി കൊണ്ടുവന്നത് ഒരു പാവയും എട്ടു വയസ്സുള്ള ഒരു ആഫ്രിക്കൻ പെൺകുട്ടിയുടെ ഇന്നല ത്തെ പ്രാർത്ഥനയ്ക്കു മറുപടി, ദൈവം അഞ്ചു മാസം മുമ്പേ ഉത്തരം നല്കി യതിനെയോർത്തു സിസ്റ്റർ ദൈവത്തോട് ആമ്മേൻ പറഞ്ഞു. 'വിളിക്കും മുമ്പേ ഞാൻ അവർക്ക് ഉത്തരമരുളും; പ്രാർത്ഥിച്ചു തീരുംമുമ്പു ഞാൻ അതു കേൾക്കും" (ഏശ. 65, 24).

**നിലവിളി കേൾക്കുന്ന ദൈവം:** ഉത്പത്തി മുതൽ വെളിപാടുവരെ, തന്നെ വിളിച്ചപേക്ഷിക്കുന്നവരുടെ നിലവിളി കേൾക്കുന്ന ദൈവത്തെ നമുക്കു കാണാനാകും. കായേന്റെ അസൂയമൂലം കൊല ചെയ്യപ്പെട്ട ആബേലിന്റെ നിലവിളി മുതൽ (ഉത്പ. 4, 10) അവിടുത്തെ വിളിച്ചുകരയുന്നവരുടെ മിഴികളിൽനിന്നും കണ്ണുനീർ തുടച്ചുനീക്കുന്ന ദൈവത്തെ നാം കാണുന്നു (വെളി. 7:17, 17; 21:3). രക്ഷാകരചരിത്രം മനുഷ്യന്റെ നിലവിളി കേൾക്കുന്ന ഒരു ദൈവത്തിന്റെ ചരിത്രമാണ്. സാറായുടെ ഉപദ്രവം മൂലം മരുഭൂമിയിലേക്കു നിലവിളിച്ച് ഓടിപ്പോയ ഗർഭിണിയായ ഹാഗാറിനോടു ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് അരുൾ ചെയ്തു. 'ഭയപ്പെടേണ്ട നീ, ഒരു ആൺകുട്ടിയെ പ്രസവിക്കും. അവനു നീ ഇസ്മായേൽ എന്നു പേരിടണം. കാരണം കർത്താവു നിന്റെ രോദനം കേട്ടിരിക്കുന്നു" (ഉത്പ. 16:7). ഇസ്മായേൽ എന്ന വാക്കിന്റെ അർത്ഥം, "ദൈവം കേട്ടു" എന്നാണ്. ദൈവം കേട്ടതു ഹാഗാറിന്റെ നിലവിളിയാണ്. മരുഭൂമിയിൽ കത്തുന്ന മുൾപ്പടർപ്പിൽ മോശയ്ക്കു പ്രത്യക്ഷപ്പെട്ട ദൈവം പറഞ്ഞു: 'ഇതാ, ഇസ്രായേൽ മക്കളുടെ നിലവിളി എന്റെ അടുത്തെത്തിയിരിക്കുന്നു. ഈജിപ്തുകാർ അവരെ എപ്രകാരം മർദ്ദിക്കുന്നുവെന്നു ഞാൻ കണ്ടു (പുറ. 3:9). ദാവീദ് ഇപ്രകാരം പാടി പ്രാർത്ഥിച്ചു: "ഈ എളിയവൻ നിലവിളിച്ചു. കർത്താവ് കേട്ടു. എല്ലാ കഷ്ടതകളിൽ നിന്നും അവനെ രക്ഷിക്കുകയും ചെയ്തു" (സങ്കീ. 34:6). രക്ഷാകരചരിത്രത്തിൽ ആരൊക്കെ തങ്ങളുടെ നിസ്സഹായവസ്ഥയിൽ ഹൃദയം നുറുങ്ങി ദൈവത്തെ നിലവിളിച്ചു പ്രാർത്ഥിച്ചിട്ടുണ്ടോ അവരുടെയെല്ലാം നിലവിളിക്ക് ഉത്തരം കൊടുത്തവനായ ദൈവം – ഇന്ന് ഇപ്പോൾ നിന്റെയും നിലവിളിക്ക് ഉത്തരം നല്കാൻ സന്നദ്ധനാണ്. മോശയ്ക്കും ദാവീദിനും പ്രവാചകന്മാർക്കും ദാനിയേലിനും സൂസന്നയ്ക്കും കുഷ്ഠരോഗിക്കും അന്ധനായ ബെർത്തേമിയൂസിനും വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവൾക്കും അങ്ങനെ നിരവധിയായ പേർക്കു തങ്ങളുടെ നിലവിളിയിൽ ദൈവം ഉത്തരം കൊടുത്തിട്ടുണ്ട്.

**വിശ്വാസവും പ്രാർത്ഥനയും:** ദൈവപിതാവിൽ സമ്പൂർണമായും ആശ്രയിക്കുന്ന ഒരു വ്യക്തിക്കു പ്രാർത്ഥിക്കാതിരിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെ വിശ്വാസവും പ്രാർത്ഥനയും പരസ്പരപൂരകങ്ങളാണ്. എന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം തരാൻ കഴിയുന്നവനിലാണു ഞാൻ പൂർണമായും വിശ്വസിക്കുക. ആ വിശ്വാസതീവ്രതയ്ക്കനുസരിച്ചു ദൈവത്തിന്റെ ഹിതം തിരിച്ചറിയാനുള്ള

ക്ഷമയും സ്ഥിരതയും ഒരുവനുണ്ടാകുന്നു. എന്നാൽ പലപ്പോഴും ജീവിതപ്രതിസന്ധികളിൽ ഈ വിശ്വാസവും പ്രാർത്ഥനയും നഷ്ടപ്പെടുമ്പോഴാണു നമ്മുടെ ജീവിതം തകർന്നു പോകുന്നത്. നിലവിളി കേൾക്കാനും ഉത്തരം നല്കാനും ദൈവം ആഗ്രഹിക്കുമ്പോഴും അതു തിരിച്ചറിയാനോ വിശ്വസിക്കാനോ സാധിക്കാത്ത വൈരുദ്ധ്യം നമ്മെ ബാധിക്കുന്നുണ്ടോ എന്നു ചിന്തിക്കണം.

**ഉപസംഹാരം:** വി. ഗ്രന്ഥം നല്കുന്ന പ്രത്യാശ നിറഞ്ഞ വചനങ്ങൾ ജീവിതപ്രതിസന്ധികളിൽ മുറുകെ പിടിക്കുന്നവർക്കു ദൈവത്തിൽ നിന്നുള്ള ഉത്തരം ലഭിക്കും. "ഹൃദയം നറുങ്ങിയവർക്കു കർത്താവു സമീപസ്ഥനാണ്. മനമുരുകിയവരെ അവിടുന്നു രക്ഷിക്കുന്നു" (സങ്കീ. 34, 18). ജീവിതത്തിൽ നാം അനുഭവിക്കുന്ന നീതിനിഷേധങ്ങളിൽ, ആരും സഹായിക്കാനില്ലാതെ ഒറ്റയ്ക്കാകുമ്പോൾ, പ്രാർത്ഥനകൾക്കു ഫലമില്ലെന്നു തോന്നുമ്പോൾ നമ്മെ കൈവിടാത്ത ഒരു ദൈവമുണ്ടെന്നു നാം ഓർക്കണം. അവിടുത്തെ വചനം ഒരിക്കലും പരാജയപ്പെടുകയില്ലെന്നു നാം പൂർണമായും വിശ്വസിക്കണം (റോമ. 9, 16). "നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്നു മറുപടി തരും." (ഏശ 58, 9). തന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യഭാജനങ്ങളുമായ നമ്മുടെ കാര്യത്തിൽ അവിടുന്ന് അതീവ ശ്രദ്ധാലുവാണ്. അതിനാൽ അവിശ്വാസവും യുക്തിചിന്തയും നമുക്ക് അടിയറവു വയ്ക്കാം. ദൈവത്തിന്റെ രക്ഷാകരമായ സമയത്തിനുവേണ്ടി പ്രത്യാശയോടെ നിരന്തരം കാത്തിരിക്കാൻ നമുക്കു പരിശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.